**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **06-02-2023 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകളുടെ വികസനത്തിനും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനുവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണത്തിനായി നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശുകപുരം, മണിയൻകോട്, ചിറങ്ങര എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി 118.35 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതും ഈ പദ്ധതികളെ ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികളുടെ പുരോഗതി കൃത്യമായി നിരീക്ഷിച്ചു വരികയുമാണ്.<br><br>കൂടാതെ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതി നടത്തിപ്പിനായി പ്ലാൻ ഫണ്ടിൽ 2022-23 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ വകയിരുത്തുകയും ആയതിൽ നിന്നും നിലയ്ക്കൽ കോർ ഏരിയ വികസനത്തിനായി 28.4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വത്തിനു കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ഒറ്റ തവണ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ദേവസ്വം ബോർഡുകളുടെ വികസനത്തിനും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വികസനത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം മുതലായ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനും, പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗിക്കുന്നതിനും, തരിശു ഭൂമി കൃഷിക്കായി ദേവഹരിതം, ക്ഷേത്രത്തോട് ചേർന്ന് നക്ഷത്ര വനം പദ്ധതി കൂടാതെ വരുമാനം ലഭിക്കുന്ന പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിൽ വരുത്തുവാനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർപ്ലാൻ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. KIIFB ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ശബരിമല ഇടത്താവള സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് ക്ഷേത്രങ്ങളുടെ ശ്രീകോവിലുകളുടേയും അനുബന്ധ നിർമ്മിതികളുടേയും നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ ഒഴിഞ്ഞു കിടക്കുന്ന ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സ്, കൃഷി, പാർക്കിംഗ്, വെയർഹൗസ്, വർക്ക് ഷോപ്പ്, ട്രേഡ് ഫെയർ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശായികിടക്കുന്ന ഭൂമി കൃഷി, വാണിജ്യം മുതലായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി സ്ഥായിയായ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ചരിത്ര പ്രാധാന്യമുള്ളതും പൗരാണിക പ്രാധാന്യമുള്ളതുമായ ക്ഷേത്രങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് "തീർത്ഥാടന ടൂറിസം" എന്ന പേരിൽ ഒരു പ്രൊജക്ട് മലബാർ ദേവസ്വം ബോർഡിന്റെ സജീവ പരിഗണനയിലുണ്ട്.<br><br>കൂടൽമാണിക്യം ദേവസത്തിനു കീഴിൽ വഴിപാടേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപാര കോംപ്ലക്സ് പണി തീർത്ത് പാട്ട കരാർ പ്രകാരം നൽകിയിട്ടുണ്ട്. മറ്റൊരു വ്യാപാര സമുച്ചയമായ മണിമാളിക പ്രോജക്ട് താമസം കൂടാതെ ആരംഭിക്കുന്നതുമാണ്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തെക്കേനടയിൽ ഭക്തജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള കല്യാണമണ്ഡപങ്ങളും, ലോഡ്ജ് ബിൽഡിംഗും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ